# Athmaraksha.org

വിശുദ്ധരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ സ്നേഹിതനും വിസ്വസ്തദാസനുമായ വിശുദ്ദ യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന്, അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ ( ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു ഭാഗയപ്പെട്ട യൂദാശ്ലീഹായേ! അങ്ങു വഴിയായി ലഭിക്കുന്ന ഈ അനുഗ്രഹത്തിന് ഞാൻ ദൈവത്തിനു നന്ദി പറയുന്നു. എന്നാലാവുംവിധം അങ്ങയുടെ ഭക്തി പ്രചരിപ്പിക്കാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

1 സ്വർഗ, 1 നന്മ, 1 ത്രിത്വ